കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ഇപ്പോഴത്തെ നിലയിൽ ഉല്പാദന ബോണസ് ഗ്രാമ പഞ്ചായത്ത് നഗരസഭകൾ വഴിയാണ് വിതരണം ചെയ്യുന്നത്. 1997-98-ൽ ഒന്നാം വിളയ്ക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 2,79,83,000 രൂപ ഗ്രാമ പഞ്ചായത്തുകൾക്കും 36,27,000 രൂപ പാലക്കാട് ജില്ലയിലുള്ള നഗരസഭകൾക്കും കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. രണ്ടാം വിളകൾക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനു വേണ്ടി ഇതിനകം 60 ലക്ഷം രൂപ അവിടത്തെ കൃഷി വകുപ്പിന്റെ ജോയിന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 350 രൂപ വച്ചാണ് ഇപ്പോൾ പ്രൊഡക്ഷൻ ബോണസ് നൽകുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ അത് 250 രൂപയായിരുന്നു. ഈ ഗവണ്മെന്റാണ്, ഹെക്ടർ ഒന്നിന് 100 രൂപ കൂടി വർദ്ധിപ്പിച്ച് 350 രൂപ ആക്കിയത്. പാലക്കാട് ജില്ലയിൽ പ്രൊഡക്ഷൻ ബോണസ് കൊടുക്കാനായി ഈ വർഷത്തെ ബഡ്ജറ്റിൽ 10,62,35,000 രൂപ വകയിരുത്തിയിട്ടുണ്ട്. 12-ാം തീയതിയാണ് കൃഷി വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന പാസ്സാക്കുന്നത്. അത് പാസ്സാക്കി, നടപടിക്രമം പൂർത്തിയാക്കിയാൽ അടിയന്തിരമായും ഈ തുക നൽകുന്നതായിരിക്കും.

(7) പെൻഷൻ പരിഷ്ക്കരണ ആനുകൂല്യങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് പെൻഷണേഴ്സിനും നൽകണമെന്ന ആവശ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : 1957-ൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് നിർത്തലാക്കി സ്വയംഭരണാവകാശമുള്ള ബോർഡ് രൂപീകരിച്ചപ്പോൾ പുറപ്പെടുവിച്ച ഗവണ്മെന്റ് ഓർഡർപ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കാലാകാലങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്കു കൂടി ലഭ്യമാക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. കാലാകാലങ്ങളിൽ ബോർഡ് ജീവനക്കാർക്ക് മറ്റു സർക്കാർ ജീവനക്കാരെക്കാൾ മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നുണ്ടെങ്കിലും പെൻഷൻകാർക്ക് തദനുസൃതമായ വർദ്ധനവ് നാളിതുവരെ നൽകിയിട്ടില്ല. ഇത്തരത്തിൽ ബോർഡ് പാലിക്കേണ്ട സാമാന്യമായ നീതി പാലിച്ചില്ലെന്നത് പോകട്ടെ. സാധാരണ ഗതിയിൽ അവർക്ക് ലഭിക്കേണ്ട രണ്ടാം ഗഡു ക്ഷാമബത്തയും 1998-ലെ ഉത്തരവു പ്രകാരമുള്ള ആനുകൂല്യങ്ങളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ബോർഡ് ജീവനക്കാരുടെ ശമ്പള വർദ്ധനവ് ആനുപാതികമായി പെൻഷൻകാർക്കും അനുവദിക്കാത്തിടത്തോളം കാലം ജീവനക്കാരുടെ ശമ്പള വർദ്ധനവു വരെ പെൻഷൻകാരും കാത്തുനിൽക്കണം എന്നു പറയുന്നതിൽ യാതൊരു ന്യായവുമില്ല. വ്യക്തമായ ഒരു പെൻഷൻ നയം രൂപീകരിക്കുക, 2-ാം ഗഡു ക്ഷാമബത്ത നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ബോർഡ് പെൻഷൻകാർ നൽകിയ നിവേദനത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. ആകാര്യത്തെക്കുറിച്ച് വകുപ്പുമന്ത്രിക്ക് നന്നായി അറിയാം. ഭാവിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വീട്ടിൽ നിന്നും ഈ ആവശ്യം ഉന്നയിച്ചു വന്നേയ്ക്കാം. അതുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിലെ പെൻഷൻകാരോട് ബോർഡ് കരുണ കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : കഴിഞ്ഞ കാലങ്ങളിലെല്ലാം തന്നെ വൈദ്യുതി ബോർഡിൽ പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കിയിരുന്നത് സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണത്തോടൊപ്പമല്ല, മറിച്ച് ബോർഡിലെ ശമ്പളപരിഷ്ക്കരണത്തോടൊപ്പമോ അതിനുശേഷമോ ആണ്. ഏറ്റവും ഒടുവിൽ ഇപ്രകാരം പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുള്ളത് വർക്കേഴ്സ് വിഭാഗത്തിന് 1.8.93 മുതലും ഓഫീസർ വിഭാഗത്തിന് 1.7.93 മുതലുമാണ്. ബോർഡിൽ അടുത്ത ശമ്പള പരിഷ്ക്കരണ

LIBRARY ARCHIVES Kerala Legislative Assembly

വുമായി ബന്ധപ്പെട്ടുകൊണ്ട് പെൻഷൻ പരിഷ്ക്കരണവും നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

(8) കാസർഗോഡ് പ്രവർത്തിച്ചുവന്നിരുന്ന ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഏക സർക്കാർ സ്ഥാപനമായിരുന്നു ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂൾ. കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ നീണ്ട പ്രക്ഷോഭങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായി 1987-ൽ ഒന്നാമത്തെ ബാച്ച് ആരംഭിച്ചു. 1996 ആഗസ്റ്റിൽ നാലാമത്തെ ബാച്ച് പൂർത്തിയാക്കി. എന്നാൽ കഴിഞ്ഞ 28.4.99-ന് പ്രസ്തുത ട്രെയിനിംഗ് സ്കൂൾ നിർത്തൽ ചെയ്തതായി ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കാസർഗോഡ് ജില്ല സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയാണ്. ഭാഷാ ന്യൂനപക്ഷങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളും ഉൾക്കൊള്ളുന്ന ഈ ജില്ലയിൽ ഒരു സ്ഥാപനം നേടിയെടുക്കണമെങ്കിൽ വളരെയധികം ബുദ്ധിമുട്ട് സഹിക്കണം. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ആ പ്രദേശത്തെ ജനങ്ങൾ സമരത്തിലൂടെയും മറ്റുമാണ് ഓരോ സ്ഥാപനങ്ങൾ നേടിയെടുക്കുന്നത്. അങ്ങനെ നേടിയെടുത്ത ഓരോ സ്ഥാപനങ്ങളും ഈ ഗവണ്മെന്റ് എടുത്തുകളയുകയാണ്. ഐ.ടി.ഐ. കാസർഗോഡ് സ്ഥാപിച്ചുവെങ്കിലും ഒരു ട്രേഡ് അതിൽ നിന്നും എടുത്തുകളഞ്ഞിരിക്കുകയാണ്. അവിടേക്ക് പോകുന്ന തീവണ്ടികൾപോലും നിർത്തൽ ചെയ്തുകൊണ്ടിരിക്കുകയാണ്. നീണ്ട സമരത്തിലൂടെ നേടിയെടുത്ത കാസർഗോഡ് ബി.എഡ്. സെന്റർ നിർത്തൽ ചെയ്തിരിക്കുകയാണ്. അതിന്റെ അംഗീകാരവും നഷ്ടപ്പെട്ടു. അതുപോലെ ബദിയടുക്കയിൽ ഒരു പി.എച്ച്.സെന്ററിനുവേണ്ടി 30 കിടക്കകളുള്ള ഒരു ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ട് ഏതാണ്ട് ഒരു വർഷമായി, ഇന്നുവരെ അത് തുറന്നുകൊടുക്കാതെ ആ കെട്ടിടം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. നിരന്തരമായി ഈ സഭയിൽ ഉന്നയിച്ച കാര്യങ്ങളാണിത്. ഇങ്ങനെ കാസർഗോഡ് ജില്ലയോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. ഈ നഴ്സിംഗ് സ്കൂൾ പുനഃസ്ഥാപിച്ചില്ലെങ്കിൽ കാസർഗോഡ് ജില്ലയോട് ഈ സർക്കാർ കാണിക്കുന്ന അവഗണനയ്ക്കെതിരായി ലക്ഷത്തോളം വരുന്ന ജനങ്ങൾ ഒന്നടങ്കം ശക്തമായി പോരാടുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിർത്തൽ ചെയ്ത സ്കൂളുകൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പു മന്ത്രി എടുക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) : സർ, കേരളത്തിൽ 13 ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂളുകളാണ് ഉണ്ടായിരുന്നത്. ആ 13 എണ്ണത്തിൽനിന്നും ട്രെയിനിംഗ് കഴിഞ്ഞുവന്ന കുട്ടികൾക്ക് ജോലി കൊടുക്കാൻ കഴിയാത്ത സ്ഥിതി വന്നു. ട്രെയിഡ് ഹാന്റ്സിന്റെ എണ്ണം കൂടി. ഇവിടെ ധാരാളം തൊഴിൽ സാദ്ധ്യതയുള്ളപ്പോഴാണ് ആളുകളുടെ ദൗർലഭ്യം ഉള്ള സമയത്താണ് ഈ 13 എണ്ണവും തുടങ്ങുന്നത്. 1996 സെപ്തംബറിലാണ് 13-ഉം നിർത്തൽ ചെയ്യാൻ തീരുമാനിച്ചത്. കാസർഗോഡു മാത്രമല്ല, കേരളം മുഴുവൻ ഇങ്ങനെ പ്രാദേശിക വികാരം ഉണ്ടാക്കുന്നത് രാഷ്ട്രീയമായി ഗുണമാണെങ്കിലും നാടിന് ഗുണമല്ല.

LIBRARY ARCHIVES Kerala Legislative Assembly